## ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്

## <u>പരിപത്രം</u>

നമ്പർ 97/2018/ധന

*തിരുവനന്തപുരം, 2018 ഒക്ടോബർ 23*

വിഷയം :- ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - പെൻഷൻകാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി) നം. 54/17/ധന തീയതി 24/04/2017.
2) സർക്കുലർ നം. 73/18/ധന തീയതി 07/08 /2018.
3) സർക്കുലർ നം. 84/18/ധന തീയതി 15/09 /2018.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട്, ടെൻഡർ നടപടികൾക്ക് മുന്നോടിയായി എയ്ഡഡ് കോളേജ്/സ്കൂൾ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവരശേഖരണം സൂചന (2), (3) പ്രകാരമുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പുരോഗമിക്കുന്നു . പ്രസ്തുത പ്രവർത്തനത്തിനു സമാനമായി പെൻഷൻകാരുടെ വിവര ശേഖരണവും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ആയതിലേക്ക് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. പ്രസ്തുത പദ്ധതിയിലേക്ക് വിവരം നൽകുന്നതിനായി, സംസ്ഥാന സർവീസ് പെൻഷൻകാരും കുടുംബ പെൻഷൻകാരും സൗകര്യ പ്രദമായ ട്രഷറിയെ സമീപിച്ച് സൗജന്യമായി വിതരണം ചെയ്യുന്ന പ്രഫോമ കൈപ്പറ്റേണ്ടതാണ്. അപ്രകാരം സാധിക്കാത്തവർക്ക് മെഡിസെപ് വെബ് സൈറ്റിൽ (www.medisep.kerala.gov.in) നിന്നും നേരിട്ട് പ്രസ്തുത പ്രഫോമ ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

ii. ട്രഷറി വഴി പെൻഷൻ കൈപറ്റുന്ന സംസ്ഥാന സർവീസ് പെൻഷൻകാരും കുടുംബപെൻഷൻകാരും, **ഇംഗ്ലീഷ് ബ്ലോക്ക് അക്ഷരത്തിൽ** പ്രസ്തുത പ്രഫോമ തെറ്റു കൂടാതെ പൂരിപ്പിച്ച് തങ്ങളുടെ മാതൃട്രഷറിയിലും ബാങ്ക് വഴിയോ മണിയോർഡർ വഴിയോ പെൻഷൻ കൈപ്പറ്റുന്നവർ തങ്ങളുടെ തൊട്ടടുത്ത ട്രഷറിയിലും 2018 നവംബർ 15-നകം സമർപ്പിക്കേണ്ടതാണ്.

iii. സംസ്ഥാനത്തിനു പുറത്ത് താമസിക്കുന്ന കേരള സംസ്ഥാന സർവീസ് പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവർ പൂരിപ്പിച്ച പ്രഫോമ ട്രഷറി ഡയറക്ടർക്ക് 2018 നവംബർ മാസം 15 തീയതിക്കുള്ളിൽ നേരിട്ടോ, **ട്രഷറി ഡയറക്ടർ, കൃഷ്ണ ബിൽഡിങ്, തൈക്കാട് പി.ഒ., തിരുവനന്തപുരം- 695014** എന്ന മേൽ വിലാസത്തിൽ രജിസ്റ്റേർഡ് തപാൽ വഴിയോ സമർപ്പിക്കേണ്ടതാണ്.

iv. പാർട്ട് ടൈം കണ്ടിജന്റ്/ എക്സ്ഗ്രേഷ്യാ എന്നീ വിഭാഗങ്ങളിൽപ്പെട്ട പെൻഷൻകാരും കുടുംബ പെൻഷൻകാരും മേൽ നിർദ്ദേശങ്ങൾക്കനുസരിച്ച് വിവരം നൽകേണ്ടതാണ്.

v. കേരള സംസ്ഥാന സർവീസിൽ നിന്നും ദേശിയ പെൻഷൻ പദ്ധതി പ്രകാരം വിരമിച്ചവർക്ക്, പദ്ധതിയിൽ ചേരാൻ താൽപ്പര്യമുള്ള പക്ഷം, പൂരിപ്പിച്ച പ്രഫോമ 2018 നവംബർ 15-നകം ഗവണ്മെന്റ് സെക്രട്ടേറിയറ്റിലുള്ള ധനകാര്യ ഹെൽത്ത് ഇൻഷ്വറൻസ് വകുപ്പിൽ നേരിട്ടോ, **അല്ലെങ്കിൽ അഡീഷണൽ സെക്രട്ടറി(ധനകാര്യം), ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്, കേരളാ ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം- 695001** എന്ന മേൽ വിലാസത്തിൽ രജിസ്റ്റേർഡ് തപാൽ വഴിയോ സമർപ്പിക്കാവുന്നതാണ്.

vi. കേരളാ ഹൈക്കോടതി സർവീസിൽ നിന്നും വിരമിച്ച പെൻഷൻകാർ/ കുടുംബ പെൻഷൻകാർ കൂടാതെ ബഹു. മുഖ്യമന്ത്രി/മന്ത്രിമാർ/പ്രതിപക്ഷ നേതാവ്/ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽസ്റ്റാഫിൽ നേരിട്ട് നിയമിതരായി വിരമിച്ച പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവരും മേൽ നിർദ്ദേശങ്ങൾക്ക് വിധേയമായി വിവരം നൽകേണ്ടതാണ്.

vii. പ്രഫോമയിൽ പി.പി.ഒ. നമ്പർ പൂർണ്ണമായും വ്യക്തമായും രേഖപ്പെടുത്തേണ്ടതാണ്.

viii. പ്രസ്തുത പ്രഫോമ പൂരിപ്പിക്കുമ്പോൾ ഉണ്ടാകാവുന്ന സംശയങ്ങൾ, മെഡിസെപ് വെബ് സൈറ്റിൽ **(www.medisep.kerala.gov.in)** ലഭ്യമാക്കിയിട്ടുള്ള എഫ്.എ.ക്യു. (**F.A.Q**) മെനു വഴിയോ അല്ലെങ്കിൽ ഇതിനായി സ്ഥാപിച്ചിട്ടുള്ള സഹായക കേന്ദ്രത്തിലെ **18004251857** എന്ന ടോൾ ഫ്രീ നമ്പറിലോ ബന്ധപ്പെട്ട് നിവാരണം ചെയ്യാവുന്നതാണ്.

**കെ.രാജശ്രീ,**
**അഡീഷണൽ** ***സെക്രട്ടറി (ധനകാര്യ വകുപ്പ്)***

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ബഹു. ഗവർണറുടെ സെക്രട്ടറി.
ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡിഷണൽ സെക്രട്ടറി /
ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്
Haseena
അക്കൗണ്ട്സ് ഓഫീസർ